"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പെരുമാട്ടി ഗ്രാമപഞ്ചായത്ത്-ഹൈടെക്ക് മാർക്കറ്റ് & അഗ്രോ പ്രോസസിംഗ് യൂണിറ്റ് ഫേസ് II പ്രവൃത്തി-സെന്റേജ് ചാർജ്ജ് അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Rt) No.1989/2024/LSGD തീയതി,തിരുവനന്തപുരം, 19-10-2024

---

പരാമർശം:-

1. സ.ഉ (സാധാ) നം.304/2021/ത.സ്വ.ഭ.വ തീയതി 04.02.2021
2. സ.ഉ(പി) നം.67/2021/ധന തീയതി 28/04/2021
3. സ.ഉ(സാധാ) നം. 1835/2023/തസ്വഭവ തീയതി 18/09/2023
4. പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 04/10/2023 ലെ D1/Budget/23-24 നമ്പർ കത്ത്
5. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 28/10/2023, 24/09/2024 എന്നീ തീയതികളിലെ LSGD/PD/35983/2023-DB5 നമ്പർ കത്തുകൾ

**ഉത്തരവ്**

പാലക്കാട് ജില്ലാ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ " ഹൈടെക് മാർക്കറ്റ് & അഗ്രോ പ്രോസസിംഗ് യൂണിറ്റ്" എന്ന പ്രവൃത്തിക്ക് 10 കോടി രൂപയുടെ ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ചുമതലപ്പെടുത്തുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ULCCS തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിൽ നിബന്ധനകളോടെ 902.39 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ടി പ്രവൃത്തിക്ക് സെന്റേജ് ചാർജ്ജ് അനുവദിക്കണമെന്ന് പരാമർശം (4) ലെ പാലക്കാട് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) സർക്കാർ ഉത്തരവിലെ Clause 8.4 പ്രകാരം നോൺ PMC ആയി സർക്കാർ ഇതരസ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിക്കുകയാണെങ്കിൽ measurement, check measurement എന്നിവ തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ നിർവഹിക്കുന്നതിനാൽ ടി

ഏജൻസികൾക്ക് അനുവദിക്കേണ്ട സെന്റേജ് ചാർജിൽ 10% കുറവ് ചെയ്യാവുന്നതാണെന്നതിനാൽ , പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ "ഹൈടെക് മാർക്കറ്റ് & അഗ്രോ പ്രോസസിംഗ് യൂണിറ്റ്" എന്ന പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റിയ്ക്ക് പരാമർശം (2) ലെ വ്യവസ്ഥകൾക്കനുസൃതമായി 3.55% സെന്റേജ് ചാർജ്ജ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LEENA N P
ADDITIONAL SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, പെരുമാട്ടി ഗ്രാമപഞ്ചായത്ത്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്, കേരളം, തിരുവനന്തപുരം)
ധനകാര്യ വകുപ്പ് (E-1674614/dev-3/9/2021-fin )
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (വിംഗ്), ഐ&പി.ആർ.ഡി
കരുതൽ ഫയൽ (LSGD-DB1/415/2023)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 19-10-2024 16:39:22